പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1766 05.02.2019-ലെ മറുപടിക്ക്

## എൽ.എൻ.ജി. ബസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്. ആർ.ടി.സി. എൽ.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ; | (എ) | എൽ.എൻ.ജി ലഭ്യത ഉറപ്പ് വരുത്തുന്ന മുറയ്ക്ക് 100 എൽ.എൻ.ജി ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി. സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 100 എൽ.എൻ.ജി ബസ്സുകൾ വാങ്ങുമ്പോൾ ഡീസൽ ബസ്സിന്റെയും എൽ.എൻ.ജി ബസ്സിന്റെയും വിലയിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന അധിക ബാധ്യത ഏറ്റെടുക്കാമെന്ന് M/s പെട്രോനെറ്റ് എൽ.എൻ.ജി കത്ത് മുഖേന വാഗ്ദാനം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്തിമ കരാർ ഒന്നും ഒപ്പുവച്ചിട്ടില്ല. |
| (സി) | ഇത്തരം ബസ്സുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (സി) | 100 എൽ.എൻ.ജി ബസ്സുകൾ വാങ്ങുമ്പോൾ ഡീസൽ ബസ്സിന്റെയും എൽ.എൻ.ജി ബസ്സിന്റെയും വില വ്യത്യാസം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയായ 11.5 കോടി രൂപ നൽകുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 100 ബസ്സുകൾ വാങ്ങുന്നതിന് മേൽ തുക കിഴിച്ച് ആവശ്യമായ തുകയായ 30 കോടി രൂപ സർക്കാർ സഹായമായും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പുതിയ ബസ്സുകൾ വാങ്ങുന്നതിന് പകരം നിലവിലുള്ള ബസ്സുകൾ എൽ.എൻ.ജി. സംവിധാനത്തിലേക്ക് മാറ്റുവാൻ സാധിക്കുമോ എന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | പരിശോധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**